**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5453** **03-11-2021 - ൽ മറുപടിയ്ക്ക്**

**ജയിൽ പരിഷ്കരണ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | റിട്ട. ഡി.ജി.പി. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. സർക്കാരിന് സമർപ്പിച്ച ജയിൽ പരിഷ്കരണ റിപ്പോർട്ടിൽ മൂന്ന് സെൻട്രൽ ജയിൽ കേന്ദ്രീകരിച്ച് നൂറ് അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർ വീതമുള്ള റിസർവ്വ് സേന രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയത് പരിഗണനയിലുണ്ടോ; | (എ) | റിട്ടയേർഡ് ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ്ബ് ചെയർമാനായ ജയിൽ പരിഷ്ക്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ മൂന്ന് സെൻട്രൽ ജയിലുകൾ കേന്ദ്രീകരിച്ച് നൂറ് അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർ വീതമുള്ള മൂന്ന് റിസർവ്വ് സേന രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. ടി ശിപാർശ നടപ്പിലായിട്ടില്ല. 11/05/2018 ലെ സ.ഉ.(സാധാ) നം. 1378/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം വിവിധ ജയിലുകളിലേയ്ക്കായി അസിസ്റ്റൻറ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ കാറ്റഗറികളിലായി ആകെ 206 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ 3 സെൻട്രൽ ജയിലുകളിലായി 79 അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികകളും 27 ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളും വിന്യസിച്ചിട്ടുണ്ട് |
| (ബി) | ഒരു സബ് ഡിവിഷനിൽ ഒരു ജയിൽ ഉണ്ടാകണമെന്ന് പ്രസ്തുത റിപ്പോർട്ട് ശുപാർശ ചെയ്തിരുന്നോ; ഉണ്ടെങ്കിൽ കാട്ടാക്കട ഡിവിഷൻ പരിധിയിൽ ഒരു ജയിൽ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ? | (ബി) | റിട്ടയേർഡ് ഡി.ജി.പി. ഡോ.അലക്സാണ്ടർ ജേക്കബ്ബ് ചെയർമാനായ ജയിൽ പരിഷ്ക്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ഒരു പോലീസ് സബ് ഡിവിഷനിൽ ഒരു ജയിൽ സ്ഥാപനം ഉണ്ടാകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ശിപാർശ പ്രായോഗികമാണെന്ന് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ